Syro Malabar Commission for Liturgy




## പ്രകാശത്തിന് സാക്ഷികളായ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ

"ഞാൻ ലോകത്തിന്റെ പ്രകാശമാണ്" (യോഹ 8:12) എന്നുപറഞ്ഞുകൊണ്ട് സകലജനതകൾക്കുമായി സ്വയം വെളിപ്പെടുത്തിയ മിശിഹായെയാണ് ദനഹാക്കാലം നമുക്ക് മുൻപിൽ അവതരിപ്പിക്കുന്നത്. ഈശോയുടെ യോർദ്ദാനിലെ മാമ്മോദീസായെ അനുസ്മരിക്കുന്ന ദനഹാത്തിരുന്നാളും, ദനഹാക്കാലവും വെളിച്ചവുമായി ഏറെ ബന്ധപ്പെട്ടു നിൽക്കുന്നു. 'ദനഹ്' എന്ന സുറിയാനി ക്രിയാപദത്തിൽ നിന്നും വരുന്ന ദനഹ എന്ന വാക്കിന്റെ അർത്ഥം തന്നെ ഉദിക്കുക, പ്രകാശിക്കുക എന്നൊക്കെയാണല്ലോ. നീതിസൂര്യനായ ഈശോ ലോകത്തിന് സ്വയം വെളിപ്പെടുത്തിയ സമയമാണിത്. തങ്ങളുടെ ജീവിതത്തിലൂടെ ഈശോയ്ക്ക് സാക്ഷ്യം വഹിച്ച വിശുദ്ധരുടെ ഓർമ ദനഹാക്കാലത്തിലെ വെള്ളിയാഴ്ചകളിൽ ആചരിക്കുകയെന്നത് ഈ കാലത്തിന്റെ പ്രത്യേകതയാണ്. ലോകത്തിന്റെ പ്രകാശമായ കർത്താവിൽനിന്നും വെളിച്ചം സ്വീകരിച്ച് ഈ ലോകത്തിൽ ആ പ്രകാശത്തെ പ്രതിഫലിപ്പിച്ചവർ എന്ന നിലയിലാണ് അവർ പ്രത്യേകമായി ശ്രദ്ധിക്കപ്പെടുന്നതും, വണങ്ങപ്പെടുന്നതും. തങ്ങളുടെ ജീവിതം കൊണ്ടും, മരണം കൊണ്ടും കർത്താവിന് സജീവസാക്ഷ്യം നൽകിയ പ്രകാശത്തിന്റെ മക്കളാണിവർ.

രക്ഷകനായ മിശിഹായ്ക്ക് വഴികാട്ടിയായി വന്നവനും മരുഭൂമിയിൽ വിളിച്ച് പറയുന്ന സ്വരവുമായ (മത്താ 3:3) വിശുദ്ധ സ്നാപകയോഹന്നാനെയാണ് ദനഹാക്കാലത്തിലെ ആദ്യവെള്ളിയാഴ്ച അനുസ്മരിക്കുന്നത്. രണ്ടാമത്തെ വെള്ളിയാഴ്ച ഈശോയ്ക്ക് സജീവസാക്ഷ്യം വഹിച്ച സഭയുടെ നെടുംതൂണുകളെന്ന് അറിയപ്പെടുന്ന അപ്പസ്തോലപ്രമുഖരായ പത്രോസ്, പൗലോസ് ശ്ലീഹന്മാരെ പ്രത്യേകമാംവിധം അനുസ്മരിക്കുന്നു. ഈശോ "ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹാ" ആണെന്ന് (ഉത്താ 16:16) പറഞ്ഞ വിശുദ്ധ പത്രോസും, ഈശോ ദൈവപുത്രനാണെന്ന് (ശ്ലീഹ.നട. 9:20) യഹൂദരുടെ മധ്യേ സധൈര്യം ഉദ്ഘോഷിച്ച വിശുദ്ധ പൗലോസും പ്രകാശമായ മിശിഹായ്ക്ക് വേണ്ടി ജീവിക്കുകയും, മരിക്കുകയും ചെയ്തവരാണ്.

ഹ്രസ്വമായോ ദീർഘമായോ കർത്താവിനെ തള്ളിപ്പറഞ്ഞവരാണ് ശ്ലീഹന്മാരായ പത്രോസ് പൗലോസും. എന്നാൽ നീതിസൂര്യനായവന്റെ പ്രകാശരശ്മികൾ അവരിൽ ആഴമായി പതിച്ചപ്പോൾ അവർ ഇരുവരും മിശിഹായുടെ പ്രഭ ലോകത്തിന് ചൊരിയുന്നവരായി മാറി.

ആഹൂദരാൽ ബന്ധിതനായി മരണശിക്ഷയ്ക്കായി കർത്താവ് ആനയിക്കപ്പെടുമ്പോൾ പത്രോസ് അകലങ്ങളിലൂടെ അവിടുത്തെ അനുഗമിച്ച് അല്പസുഖത്തിനു വേണ്ടി അരുതാത്ത കൂട്ടുകെട്ടുകളിൽ ചെന്ന് പെട്ട് കർത്താവിനെ തള്ളിപ്പറയുകയും സ്വയം നിഷേധിക്കുകയും ചെയ്യേണ്ടിവന്നു (ലൂക്കാ 22 54:60). അപ്പോൾ "കർത്താവ് പത്രോസിനു നേരേതിരിഞ്ഞ് അവനെ നോക്കി" (ലൂക്കാ 22:61) എന്ന് നാം വചനത്തിൽ

വായിക്കുന്നു. ആ നോട്ടം ആഴത്തിൽ അവനിൽ പതിച്ചു. തന്നെ വധശിക്ഷയ്ക്ക് വിധേയനാക്കാൻ കരുത്തുള്ള സാൻഹെദ്രീൻ സംഘത്തിനു മുൻപിൽ ഉറച്ച നിലപാടോടെ തികഞ്ഞ ബോദ്ധ്യത്തിൽനിന്നും പത്രോസ് പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ഉദ്ഘോഷിച്ചു : ഈശോ എന്ന നാമമല്ലാതെ, "മറ്റാരിലും രക്ഷയില്ല, ആകാശത്തിനുകീഴെ മനുഷ്യരുടെ ഇടയിൽ നമുക്ക് രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നല്കപ്പെട്ടിട്ടില്ല" (ശ്ലീഹ. നട. 4 11:12).

യഹൂദമതംവിട്ട് 'മിശിഹാ മാർഗ്ഗത്തിൽ' ചരിച്ച അവിശ്വസ്തരായ യഹൂദരെ അധികാരികളുടെ അനുമതിപത്രത്തിന്റെ പിൻബലത്തിൽ ഗ്രാമങ്ങൾ തോറും പട്ടണങ്ങൾ തോറും ചുറ്റിസഞ്ചരിച്ച് തേടിപ്പിടിച്ച് കണ്ടെത്തി അതിദാരുണമാംവിധം പീഡിപ്പിച്ചവനായിരുന്നു സാവൂൾ (ശ്ലീഹ. നട. 9 1:2) ദമാസ്ക്കസിലേക്കുള്ള യാത്രമദ്ധ്യേ സാവൂളിന്റെ മേൽ പ്രകാശമായ ഈശോ തൊട്ടു. ആ ദിവ്യസ്പർശനം അവന്റെ ജീവിതത്തെ അപ്പാടെ മാറ്റിമറിച്ചു. കർത്താവിനു എതിരായി നിന്നവൻ കർത്താവിനുവേണ്ടി നിലകൊള്ളാൻ തുടങ്ങി. "എനിക്ക് ജീവിതം മിശിഹായും മരണം നേട്ടവുമാണ്" (ഫിലി 1:21) എന്ന് പറഞ്ഞുകൊണ്ട് ക്രൂശിതനെ പ്രഘോഷിച്ചുകൊണ്ട് അനേകരിലേക്ക് സത്യദൈവവും സത്യമനുഷ്യനുമായി അവതരിച്ച മിശിഹായെ സജീവമായി പകർന്നുനൽകി.

വിശുദ്ധ പത്രോസ് പൗലോസ് ശ്ലീഹന്മാർ ഇന്ന് നമ്മോട് ആവശ്യപ്പെടുന്നതും ആഹ്വാനം ചെയ്യുന്നതും ഈശോയുമായുള്ള വ്യക്തിപരമായ കണ്ടുമുട്ടലിനും തദനന്തരമുള്ള ആഴമായ അനുഭവജീവിതത്തിനുമാണ്. ഈ അനുഭവം നമ്മിൽനിന്ന് സ്വാഭാവികമായി കവിഞ്ഞൊഴുകുമ്പോൾ അത് ഉത്തമ പ്രഘോഷണമായി മാറും. മിശിഹായുടെ പ്രത്യക്ഷീകരണം പത്രോസിലും പൗലോസിലുമെന്നത്പോലെ നമ്മിലും അപ്പോൾ യാഥാർത്ഥ്യമാകും. പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് നമുക്കും അവിടുത്തെ നിത്യം പ്രഘോഷിക്കുന്നവരായി വർത്തിക്കാം.

തയ്യാറാക്കിയത്:
**റവ. ഡോ. തോമസ് വടക്കേൽ**
**പൗരസ്ത്യ വിദ്യാപീഠം**
**വടവാതൂർ, കോട്ടയം.**

Read more at: www.Syromalabarliturgy.org
Commission for Liturgy
Mount St.Thomas Kakkanad